ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച്

(സർക്കുലർ-നം.LSGD/PD/28563/2026-PH2 dtd 15.09.2026)

ഓരോ വാർഡിൽ നിന്നും കുറഞ്ഞത് 2 പേരെ വീതം സന്നദ്ധ പ്രവർത്തകരായി തിരഞ്ഞെടുത്ത് തണ്ടർ ടാസ്ക്ക് ഫോഴ്സ്
ചുമതല എക്സൈസ് വകുപ്പുമായി ചേർന്ന് പ്രാദേശിക ബോധവത്ക്കരണവും നിരീക്ഷണവും

മാതൃക റസിഡൻറ് അസോസിയേഷൻ പദ്ധതി

പോലീസ് , എക്സൈസ് വകുപ്പുകളുമായ സംയോജിച്ച് മാതൃകാപരമായ പ്രവർത്തനം നടത്തുന്ന റസിഡൻറ് അസോസിയേഷനുകൾക്ക് ജില്ലാതലത്തിൽ ആദരം

വാർഡ് തല ജനജാഗ്രതാ സമിതി

- ചെയർമാൻ-വാർഡ് മെമ്പർ
- കൺവീനർ-വാർഡിൽ സ്കൂൾ ഉണ്ടെങ്കിൽ ഹെഡ് മാസ്റ്റർ,സ്കൂൾ ഇല്ലെങ്കിൽ വാർഡിലുള്ള സീനിയർ സ്കൂൾ/കോളേജ് അദ്ധ്യാപകൻ

അംഗങ്ങൾ

1. രാഷ്ട്രീയപാർട്ടി പ്രതിനിധികൾ
2. മതസാമുദായിക,സാംസ്കാരിക സംഘടനാപ്രതിനിധികൾ
3. വാർഡിൽ പൊതുമേഖലസ്ഥാപനം ഉണ്ടെങ്കിൽ പ്രതിനിധികൾ/വില്ലേജ് ഓഫീസർ
4. സിവിൽ എക്സൈസ് ഓഫീസർ
5. ബീററ്പോലീസ് ഓഫീസർ/ജനമൈത്രിപോലീസ്
6. യുവജനബോർഡ് കോർഡിനേറ്റർ
7. അങ്കണവാടി വർക്കർ,ആശ വർക്കർ
8. കുടുംബശ്രീ സി.ഡി.എസ് പ്രതിനിധി
9. മെഡിക്കൽ ഓഫീസർ
10. റസിഡന്റ് അസോസിയേഷൻ പ്രതിനിധി
11. ലൈബ്രറി പ്രതിനിധി
12. ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് പ്രിതിനിധികൾ
13. ജെ.എച്ച്.ഐ
14. ത്രഫാൻ വാരിയേഴ്സ്(തിരഞ്ഞെടുക്കപ്പെട്ട 10 പേർ)
15. തണ്ടർ വേളന്റിയർമാർ ഒരുവാർഡിൽ കുറഞ്ഞത് 2 പേർ

യോഗനടത്തിപ്പും മേൽനോട്ടവും

30/09/2026 എല്ലാവാർഡ് കമ്മറ്റികളും അടിയന്തിരമായി വിളിച്ചു ചേർക്കുക.തുടർന്ന് മാസത്തിലൊരിക്കലെങ്കിലും സമിതി യോഗം ചേരുക.

യോഗത്തിന്റെ ക്വാറം–ആകെ അംഗങ്ങളുടെ 30 ശതമാനം

വാർഡ് മെമ്പർ, കൺവീനർ,എക്സൈസ് അല്ലെങ്കിൽ പോലീസ് പ്രതിനിധി എന്നിവരുടെ സാന്നിധ്യം നിർബന്ധമായും ഉണ്ടായിരിക്കണം

ഓരോയോഗത്തിലും മുൻയോഗത്തിലെ യോഗതീരുമാനങ്ങളുടെ നടത്തിപ്പിലെ പുരോഗതി ആദ്യഅജണ്ടയായി അവലോകനം ചെയ്യണം

സ്പെഷ്യൽ ത്രൂഫാൻ ഗ്രാമ സഭകൾ

- ത്രൂഫാൻ ഗ്രാമ സഭകൾ വിളിച്ചുചേർക്കുന്നതിന് പോലീസ്-എക്സൈസ് വകുപ്പുകൾക്ക് തദ്ദേശ സ്വയംഭരണസ്ഥാപനം പൂർണ്ണസഹായ സഹകരണങ്ങൾ ഉറപ്പാക്കണം